## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 123** **07-10-2024 - ൽ മറുപടിയ്ക്ക്**

## നിയമലംഘനംകൊണ്ട് പിടിച്ചെടുക്കുന്ന വാഹനങ്ങളിന്മേലുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഏതൊക്കെ ട്രാഫിക് നിയമങ്ങൾ ലംഘിക്കുമ്പോഴാണ് വാഹനങ്ങൾ പിടിച്ചെടുക്കുകയോ കണ്ടുകെട്ടുകയോ ചെയ്യുന്നത് ; വിശദമാക്കാമോ; | (എ) | കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ട് സെക്ഷൻ 11 പ്രകാരം സർക്കാർ നിശ്ചയിച്ച നികുതി അടക്കാതെ കുടിശ്ശിക വരുത്തുകയും തുടർന്നും വാഹനങ്ങൾ നിരത്തിലോടുകയുമാണെങ്കിൽ അത്തരം വാഹനങ്ങളെ കസ്റ്റഡിയിൽ എടുക്കാറുണ്ട്. Motor Vehicle Act -ലെ Sec.184,185,192, 207 എന്നിവ പ്രകാരവും രേഖകൾ കൈവശമില്ലാതെയും മോഷണ വണ്ടിയാണെന്ന സംശയത്തിന്റെ അടിസ്ഥാനത്തിലും വിവിധ ക്രിമിനൽ നിയമങ്ങൾ പ്രകാരം കുറ്റകൃത്യത്തിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വാഹനങ്ങളും പിടിച്ചെടുക്കുന്നുണ്ട്. ആയത് ബന്ധപ്പെട്ട ബഹു.കോടതി മുമ്പാകെ ഹാജരാക്കുകയും കോടതി നിർദ്ദേശാനുസരണമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (ബി) | ട്രാഫിക് നിയമലംഘനങ്ങൾക്കല്ലാതെ മറ്റേതെല്ലാം കുറ്റങ്ങൾക്ക് വാഹനങ്ങൾ പിടിച്ചെടുക്കപ്പെടുകയും കണ്ടുകെട്ടുകയും ചെയ്യുന്നുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ട്രാഫിക് നിയമ ലംഘനങ്ങൾക്കല്ലാതെ കളവ് കേസുകൾ, മയക്കു മരുന്ന് കേസുകൾ, അബ്കാരി കേസുകൾ, മണൽ കടത്ത് കേസുകൾ തുടങ്ങിയ ഗുരുതര കുറ്റ കൃത്യങ്ങളിൽ ഉൾപ്പെടുന്ന കേസുകളിലെ വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കാറുണ്ട്. കൂടാതെ മറ്റ് ക്രിമിനൽ കേസുകളിൽ വാഹനങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത വാഹനം കസ്റ്റഡിയിൽ എടുക്കാറുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം ചരക്ക് വാഹന പരിശോധനയിൽ ജി.എസ്.റ്റി നിയമ പ്രകാരവും വാഹനം കസ്റ്റഡിയിൽ എടുക്കാറുണ്ട്. |
| (സി) | പിടിച്ചെടുക്കപ്പെടുകയും കണ്ടുകെട്ടുകയും ചെയ്യുന്ന വാഹനങ്ങൾ സുരക്ഷിതവും കേടുപാടുകൾ സംഭവിക്കാൻ സാധ്യതയില്ലാത്തതുമാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) | പിടിച്ചെടുക്കുന്ന വാഹനങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിലെ കോമ്പൗണ്ടുകളിലും ഡംബിങ് യാർഡുകളിലും പോലീസ് സംരക്ഷണത്തിൽ സൂക്ഷിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ഉത്തരവാദപ്പെട്ടവർ ആരാണെന്ന് വ്യക്തമാക്കാമോ; | (ഡി) | പോലീസ് പിടിച്ചെടുത്ത് സ്റ്റേഷനിൽ സൂക്ഷിക്കുന്ന വാഹനങ്ങളുടെ ഉത്തരവാദിത്വം സ്റ്റേഷനിൽ ചുമതലപ്പെടുത്തപ്പെട്ട പോലീസ് ഉദ്യോഗസ്ഥനിലും മേൽനോട്ട ചുമതല എസ്.എച്ച്.ഒ-ക്കും ആണ്. പിടിച്ചെടുത്ത് കോടതിയിൽ ഹാജരാക്കുന്ന വാഹനങ്ങളുടെ സംരക്ഷണം കോടതി നിർദ്ദേശിക്കുന്ന കസ്റ്റോഡിയനിൽ നിക്ഷിപ്തമാണ്. |
| (ഇ) | കാസർഗോഡ് ജില്ലയിൽ പോലീസ് പിടിച്ചെടുത്ത എത്ര വാഹനങ്ങൾ ഒഴിവാക്കപ്പെടാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; എത്രകാലം മുമ്പാണ് ഈ വാഹനങ്ങൾ പിടിച്ചെടുത്തിട്ടുള്ളതെന്നും നിയമലംഘനങ്ങൾ ഏത് തരത്തിലുള്ളതാണെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | കാസർഗോഡ് ജില്ലയിലെ പിടിച്ചെടുക്കപ്പെട്ട ഓരോ വാഹനത്തിന്റെയും വർഷം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.<br><br>ഈ വാഹനങ്ങൾ എല്ലാം തന്നെ IPC/BNS, CrPC/BNSS, POCSO ACT, KP Act, NDPS(The Narcotic Drugs and Psychotropic Substance) Act 1985, ABKARI ACT, MV ACT, PDPP( Prevention of Damage to Public Property) ACT, KEDO (Kerala Epidemic Diseases Bill), Explosives Act, Arms Act, KPRRB & RRS(The Kerala Protection of River Banks And Regulation of Removal of Sand) Act, MMDR( The Mines and Minerals(Development and Regulation) ACT 1957 തുടങ്ങിയ വകുപ്പുകൾ പ്രകാരം പിടിച്ചെടുത്തിട്ടുള്ളതാണ്. |
| (എഫ്) | ഈ വാഹനങ്ങളുടെ സാമ്പത്തിക മൂല്യം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; നീണ്ടകാലം കെട്ടിക്കിടക്കുന്നത് ഈ വാഹനങ്ങളുടെ നിലവാരത്തെയും പുനർവിൽപ്പനയെയും ബാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ; ഇത്തരം വാഹനങ്ങൾ പെട്ടെന്ന് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എഫ്) | സ്റ്റേഷനുകളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങളുടെ സാമ്പത്തിക മൂല്യം മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സാന്നിധ്യത്തിലാണ് കണക്കാക്കുന്നത്. പോലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ സമയബന്ധിതമായി ഡിസ്പോസൽ ചെയ്യുന്നതിന്, 11.09.2018 – ലെ സ.ഉ.(പി) നമ്പർ.60/2018/ ആഭ്യന്തര പ്രകാരവും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പോലീസ് പിടിച്ചെടുത്ത് സൂക്ഷിച്ചിട്ടുള്ള അവകാശികളില്ലാത്തതും, സ്ക്രാപ്പ് ഗണത്തിൽപ്പെട്ടതുമായ വാഹനങ്ങൾ MSTC e-commerce വെബ് പോർട്ടലിലൂടെ ഇ-ലേലം ചെയ്ത് വരുന്നു. കുറ്റകൃത്യങ്ങളുടെ ഭാഗമായി പോലീസ് പിടിച്ചെടുത്ത വാഹനങ്ങളിൽ ഉടമസ്ഥന് വിട്ടുകൊടുക്കാൻ കഴിയുന്ന വാഹനങ്ങൾ ആവശ്യമായ സമയത്ത് ഹാജരാക്കുന്നതിനുള്ള നിർദ്ദേശം നൽകി നിയമാനുസരണം വിട്ടുകൊടുക്കുകയും കേസ്സുകളിൽ തെളിവിലേക്ക് അവിഭാജ്യഘടകമായ വാഹനങ്ങൾ കോടതിയിൽ ഹാജരാക്കുകയും തുടർന്ന് കോടതി |

| | | | |
|---|---|---|---|
| | | | നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ